വൊക്കേഷണൽ ഹയർ സെക്കണ്ടറി
വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം - 1

നമ്പർ: സി 1/14941/2011 തീയതി: 02/12/2011

# സർക്കുലർ

വിഷയം: വൊക്കേഷണൽ വിദ്യാഭ്യാസം - 2011 – 12 വർഷത്തിലെ ക്രിസ്തുമസ് (രണ്ടാം പാദ) പരീക്ഷ - സംബന്ധിച്ച്.

സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഈ അദ്ധ്യായന വർഷത്തെ ക്രിസ്തുമസ് പരീക്ഷ 2011 ഡിസംബർ 19 മുതൽ 23 വരെയുള്ള തീയതികളിൽ നിശ്ചിത ടൈംടേ ബിളിന്റെ അടിസ്ഥാനത്തിൽ നടത്തേണ്ടതാണ്.

2011 ഡിസംബർ 23 – ാം തീയതി രണ്ട് പരീക്ഷകൾ നടത്താവുന്നതാണ്. അന്നേ ദിവസം വൈകുന്നേരം ക്രിസ്തുമസ് അവധിയ്ക്ക് സ്കൂൾ അടയ്ക്കുന്നതും 2012 ജനുവരി 2 - ാം തീയതിയിൽ, സ്കൂൾ തുറക്കുന്നതുമായിരിക്കും.

<u>പരീക്ഷ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ</u>

1. പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ചുമതല പ്രിൻസിപ്പലിനും, അക്കാദമിക് ഹെഡിനുമായിരിക്കും.
2. ചോദ്യപേപ്പറുകൾ അതത് സ്കൂളുകളിൽ തന്നെ ബന്ധപ്പെട്ട അദ്ധ്യാപകർ തയ്യാറാക്കേണ്ടതാണ്. ചോദ്യങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കണം. വിവാദങ്ങളുണ്ടാകാനിടയാകുന്ന പരാമർശങ്ങൾ ചോദ്യങ്ങളിൽ ഉൾപ്പെടുത്തുവാൻ പാടില്ല. പൊതു ചോദ്യപേപ്പറിന്റെ മാതൃകയിൽ കരിക്കുലം ഒബ്ജക്ടീവ്സ് അനുസരിച്ച്, ഉള്ളടക്കത്തിന് പ്രാമുഖ്യം നൽകിയും ഗ്രേഡിംഗ് സമ്പ്രദായത്തിനനുസരിച്ചും രണ്ടാം പാദ സിലബസിന്റെ അടിസ്ഥാനത്തിലും ചോദ്യപേപ്പറുകൾ തയ്യാറാക്കേണ്ടതാണ്. സർക്കാർ ഉത്തരവ് (സാധാ) 590/2007/പൊ.വി.വ., തീയതി: 09/02/2007 ന്റെ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചോദ്യപേപ്പർ നിർമ്മാണത്തിൽ പാലിക്കേണ്ടതാണ്.
3. ഓരോ വിഷയത്തിനും പൊതു പരീക്ഷയുടെ സമയദൈർഘ്യം കർശനമായും പാലിക്കേണ്ടതാണ്.
4. പരീക്ഷാ സമയം:
   a. <u>ഒന്നാം വർഷം</u>
      i. വൊക്കേഷണൽ വിഷയങ്ങൾക്കും പ്രാക്ടിക്കൽ ഇല്ലാത്ത നോൺ വൊക്കേഷണൽ വിഷയങ്ങൾക്കും രാവിലെ 9.30 മുതൽ 12.15 വരെ (15 മിനിറ്റ് സമാശ്വാസ സമയം ഉൾപ്പെടെ)
      ii. പ്രാക്ടിക്കൽ ഉള്ള നോൺ വൊക്കേഷണൽ വിഷയങ്ങൾക്ക് രാവിലെ 9.30 മുതൽ 11.45 വരെ (15 മിനിറ്റ് സമാശ്വാസ സമയം ഉൾപ്പെടെ)

   b. <u>രണ്ടാം വർഷം</u>
      i. വൊക്കേഷണൽ വിഷയങ്ങൾക്കും പ്രാക്ടിക്കൽ ഇല്ലാത്ത നോൺ വൊക്കേഷണൽ വിഷയങ്ങൾക്കും ഉച്ചയ്ക്ക് 2.00 മണി മുതൽ 4.45 മണി വരെ (15 മിനിറ്റ് സമാശ്വാസ സമയം ഉൾപ്പെടെ)
      ii. പ്രാക്ടിക്കൽ ഉള്ള നോൺ വൊക്കേഷണൽ വിഷയങ്ങൾക്ക് ഉച്ചയ്ക്ക് 2.00 മണി മുതൽ 4.15 മണി വരെ (15 മിനിറ്റ് സമാശ്വാസ സമയം ഉൾപ്പെടെ)

5. <u>പരീക്ഷാ ടൈംടേബിൾ</u>

| | <u>ഒന്നാം വർഷം</u> | <u>രണ്ടാം വർഷം</u> |
|---|---|---|
| 19/12/2011 തിങ്കൾ | ഇംഗ്ലീഷ് | ഇംഗ്ലീഷ് |
| 20/12/2011 ചൊവ്വ | വൊക്കേഷണൽ തിയറി | വൊക്കേഷണൽ തിയറി |
| 21/12/2011 ബുധൻ | ജനറൽ ഫൗണ്ടേഷൻ കോഴ്സ് | ജനറൽ ഫൗണ്ടേഷൻ കോഴ്സ് |
| 22/12/2011 വ്യാഴം | ഫിസിക്സ്/ബിസിനസ്സ് സ്റ്റഡീസ്/ ഇക്കണോമിക്സ് | ഫിസിക്സ്/ബിസിനസ്സ് സ്റ്റഡീസ്/ ഇക്കണോമിക്സ് |
| 23/12/2011 വെള്ളി (രാവിലെ) | കെമിസ്ട്രി/അക്കൗണ്ടൻസി/ ഹിസ്റ്ററി | കെമിസ്ട്രി/അക്കൗണ്ടൻസി/ ഹിസ്റ്ററി |
| 23/12/2011 വെള്ളി (ഉച്ചയ്ക്ക്) | മാത്തമാറ്റിക്സ്/ബയോളജി/ ജിയോഗ്രഫി/ മാനേജ്മെന്റ് | മാത്തമാറ്റിക്സ്/ബയോളജി/ ജിയോഗ്രഫി/മാനേജ്മെന്റ് |

6. പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി എല്ലാ വിഭാഗം ജീവനക്കാരുടേയും സഹകരണം പ്രിൻസിപ്പാൾ ഉറപ്പാക്കേണ്ടതാണ്.
7. ചോദ്യപേപ്പർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചിലവുകൾക്കായി സ്പെഷ്യൽ ഫീ ഫണ്ട് അക്കൗണ്ടിൽ നിന്നും ഈ വർഷത്തെ സ്റ്റേഷനറിയ്ക്കുള്ള അംഗീകൃത വിഹിതത്തിൽ നിന്നും (ഒരു വിദ്യാർത്ഥിയ്ക്ക് 7/- രൂപാ നിരക്കിൽ) ചെലവഴിക്കാവുന്നതാണ്. മേൽ നിർദ്ദേശങ്ങൾ എല്ലാ പ്രിൻസിപ്പാൾമാരും കൃത്യമായി പാലിച്ച് പരീക്ഷ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

**ഡയറക്ടർ**

പകർപ്പ്

1. എല്ലാ വി. എച്ച്. എസ്. ഇ. മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
2. സെക്ഷൻ തലവൻമാർക്കും
3. എല്ലാ വി. എച്ച്. എസ്. സ്കൂൾ പ്രിൻസിപ്പാൾമാർക്കും
4. SF/OC